REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 25-03-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിന്റെ 354 നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മപരിശോധനയിൽ തള്ളി. 1,748 പത്രിക സ്വീകരിച്ചു.**
- **മുന്നണികളുടെ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. രാഹുൽ ഗാന്ധി കോഴിക്കോട്ടും, മുഖ്യമന്ത്രി പിണറായി വിജയൻ കാഞ്ഞിരപ്പള്ളിയിലും ഇന്ന് പ്രചാരണം നടത്തും.**
- **പശ്ചിമേഷ്യൻ സാഹചര്യം US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപുമായി ടെലഫോണിൽ വിലയിരുത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ഭേദഗതി ബിൽ ലോക്സഭ പാസാക്കി.**
- **ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസ് ഇന്ന് ഛത്തീസ്ഗഡിൽ ആരംഭിക്കും.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന പൂർത്തിയായി. ആകെ ലഭിച്ച 2,125 പത്രികകളിൽ 354 എണ്ണം നിരസിച്ചതായി തിരഞ്ഞെടുപ്പ് കമ്മീഷൻ വെബ്സൈറ്റിൽ പറയുന്നു. 1,748 പത്രികകൾ സ്വീകരിച്ചു. മൂന്ന് പേർ പത്രിക പിൻവലിച്ചിട്ടുണ്ട്. നാളെ വരെ പത്രിക പിൻവലിക്കാം. ഇതോടെ സംസ്ഥാനത്തെ മത്സര ചിത്രം വ്യക്തമാകും.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിൽ പോളിംഗ് ജോലികൾക്ക് നിയോഗിച്ച പ്രിസൈഡിംഗ് ഓഫീസർമാരുടെയും ഫസ്റ്റ് പോളിംഗ് ഓഫീസർമാരുടെയും ആദ്യഘട്ട പരിശീലനം വിവിധ ജില്ലകളിൽ ആരംഭിച്ചു. ജീവനക്കാർക്ക് പോസ്റ്റൽ ബാലറ്റ് പൂരിപ്പിക്കുന്നതിന് പരിശീലന കേന്ദ്രങ്ങളിൽ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഘട്ട പരിശീലനത്തിൽ പോസ്റ്റൽ ബാലറ്റ് രേഖപ്പെടുത്താൻ വോട്ടർ ഫെസിലിറ്റേഷൻ സെന്റർ സജ്ജീകരിക്കും. സെക്കന്റ്, തേർഡ് പോളിംഗ് ഓഫീസർമാരുടെ പരിശീലനം രണ്ടാം ഘട്ടത്തിൽ മാത്രമായി പരിമിതപ്പെടുത്തി.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്ന സാമൂഹ്യമാധ്യമ അക്കൗണ്ടുകൾക്കെതിരെ കർശന നടപടിയെടുക്കുമെന്ന് കേരള പൊലീസ് സൈബർ ഓപ്പറേഷൻസ് വിഭാഗം അറിയിച്ചു. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഔദ്യോഗിക വിശദീകരണം നൽകിയ കാര്യങ്ങളിൽ പോലും തെറ്റായ വ്യാഖ്യാനങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിക്കുന്ന സാഹചര്യത്തിലാണ് പൊലീസ് ഇടപെടൽ. തെറ്റായ വിവരങ്ങൾ ബോധപൂർവ്വം നിർമ്മിക്കുന്നവർക്കും, അത് പങ്കുവെയ്ക്കുന്നവർക്കുമെതിരെ ക്രിമിനൽ കേസുകളടക്കം നടപടിയെടുക്കുമെന്ന് മുന്നറിയിപ്പുണ്ട്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിൽ നിരോധിത പ്രിന്റിംഗ് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നു എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ കോഴിക്കോട് ജില്ലയിൽ നിന്ന് 1000 കിലോ നിരോധിത പ്രിന്റിങ്ങ് സാധനങ്ങൾ പിടിച്ചെടുത്തു. ക്യു ആർ കോഡ് പതിക്കാത്തതും, പോളിസ്റ്റർ മിക്സഡ് തുണിയും ആണ് പിടിച്ചെടുത്തതിൽ കൂടുതലും. തുടർ ദിവസങ്ങളിലും പരിശോധനകൾ കർശനമാക്കുമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

✪✪✪

'സ്വീപ്' പ്രചാരണ പരിപാടികളുടെ ഭാഗമായി കോഴിക്കോട് ജില്ലാ ഭരണകൂടം ട്രൈബൽ പ്രീ-മെട്രിക് ഹോസ്റ്റലുകളിലും ഭിന്നശേഷി വിദ്യാർഥികളുടെ പരിശീലന കേന്ദ്രങ്ങളിലും മോക് ഇലക്ഷൻ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി സമ്മതിദാന അവകാശ വിനിയോഗത്തിന്റെയും, പങ്കാളിത്തത്തിന്റെയും ആവശ്യകത എടുത്തുകാണിച്ച് വിദ്യാർത്ഥികൾ രക്ഷിതാക്കൾക്ക് കത്തെഴുതി.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരിശോധനകളിൽ മലപ്പുറം ജില്ലയിൽ മൂന്ന് കോടിയിൽപ്പരം രൂപയുടെ പണവും മദ്യവും മയക്കുമരുന്നും

പിടിച്ചെടുത്തു. ഈ മാസം 15 മുതൽ 23 വരെ നടത്തിയ പരിശോധനയുടെ കണക്കാണിത്.

✪✪✪

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ കേരളത്തിലെ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ വൈകിട്ട് കോഴിക്കോട്ടെ റാലിയോടെ ആരംഭിക്കും. കോഴിക്കോട് ബീച്ചിലാണ് റാലി സംഘടിപ്പിച്ചിരിക്കുന്നത്. പ്രതിപക്ഷ നേതാവ് VD സതീശൻ പാലക്കാട്ടെ വിവിധ തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കും.

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കാഞ്ഞിരപ്പള്ളിയിൽ പ്രചാരണം നടത്തും. സംസ്ഥാനത്തെ 48 കേന്ദ്രങ്ങളിലാണ് മുഖ്യമന്ത്രി പങ്കെടുക്കുന്ന പ്രചാരണ പരിപാടികൾ.

NDA സ്ഥാനാർത്ഥികൾ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് പ്രചാരണം തുടരുകയാണ്. സംസ്ഥാനത്തെ പ്രമുഖ നേതാക്കൾ പരിപാടികളിൽ പങ്കെടുക്കും.

✪✪✪

രാജ്യത്ത് ആവശ്യത്തിന് പെട്രോളിന്റെയും -ഡീസലിന്റെയും ശേഖരമുണ്ടെന്നും, LPG ആഭ്യന്തര ഉൽപ്പാദനം വർധിപ്പിച്ചിട്ടുണ്ടെന്നും പെട്രോളിയം മന്ത്രാലയം അറിയിച്ചു. എല്ലാ റിഫൈനറികളും ഏറ്റവും ഉയർന്ന ശേഷിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയി ട്ടുണ്ടെന്നും ന്യൂഡൽഹിയിൽ അന്തർ മന്ത്രാലയ യോഗത്തിനുശേഷം പെട്രോളിയം പ്രകൃതി വാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു.

✪✪✪

പ്രകൃതിവാതക- പെട്രോളിയം ഉത്പന്ന വിതരണ ഉത്തരവ് -2026 നെ അവശ്യസാധന നിയമത്തിന്റെ പരിധിയിലാക്കി കേന്ദ്രഗവണ്മെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. പ്രകൃതിവാതകം അവസാന ഉപഭോക്താവിനും പൈപ്പിലൂടെ ലഭ്യമാക്കുന്ന നടപടി ത്വരിതപ്പെടുത്താൻ ലക്ഷ്യമിട്ടാണ് ഉത്തരവ്.

✪✪✪

പശ്ചിമേഷ്യൻ സാഹചര്യത്തെപ്പറ്റി US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപുമായി ടെലഫോൺ സംഭാഷണം നടത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

മേഖലയിലെ സംഘർഷം ലഘൂകരിക്കാനും, എത്രയും വേഗം സമാധാനം പുനഃസ്ഥാപിക്കാനും ഇന്ത്യ എല്ലാ പിന്തുണയും നൽകുമെന്ന് ട്രംപിനെ അറിയിച്ചതായി പ്രധാനമന്ത്രി വ്യക്തമാക്കി. ഹോർമൂസ് കടലിടുക്ക് തുറക്കുകയും, കപ്പൽ ഗതാഗതം സുരക്ഷിതമാക്കുകയും ചെയ്യേണ്ടത് ലോകത്തിന്റെ മുഴുവൻ ആവശ്യമാണെന്ന് പ്രധാനമന്ത്രി വിലയിരുത്തി.

എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും ഇന്ന് പശ്ചിമേഷ്യയിലേക്കും തിരിച്ചും ഷെഡ്യൂൾ ചെയ്തതും അല്ലാത്തതുമായ 26 സർവീസുകൾ നടത്തുമെന്ന് അറിയിച്ചു. ഇത് കൂടാതെ ജിദ്ദയ്ക്കും ഇന്ത്യക്കും ഇടയിൽ എട്ടു വിമാനങ്ങളുടെ സർവീസും ഉണ്ടാകുമെന്ന് ഇരു കമ്പനികളും സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ഇസ്രായേൽ അതിർത്തിയിൽ നിന്ന് 30 കിലോമീറ്റർ വടക്ക് ലിറ്റാനി നദി വരെ ലെബനന്റെ സുരക്ഷാമേഖല പിടിച്ചെടുക്കുമെന്ന് ഇസ്രായേൽ അറിയിച്ചു. ഹിസ്ബുള്ളയ്ക്കെതിരായ സൈനിക നടപടി എന്ന നിലയിലാണ് തീരുമാനമെന്ന് ഇസ്രായേൽ പ്രതിരോധമന്ത്രി കാറ്റ്സ് പറഞ്ഞു. തീവ്രവാദ പ്രവർത്തനങ്ങൾക്കും ആയുധക്കടത്തിനും ഹിസ്ബുള്ള ഉപയോഗിക്കുന്ന ലിറ്റാ നദിയിലെ അഞ്ചു പാലങ്ങൾ ഇസ്രായേൽ സേന തകർത്തെന്നും പ്രതിരോധമന്ത്രി അവകാശപ്പെട്ടു.

✪✪✪

പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ ന്യൂഡൽഹിയിൽ ഇന്ന് സർവകക്ഷി യോഗം ചേരും. വൈകീട്ട് അഞ്ചിനാണ് യോഗം. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്, ആഭ്യന്തരമന്ത്രി അമിഷ് ഷാ, വിദേശകാര്യമന്ത്രി ഡോ. S ജയശങ്കർ തുടങ്ങിയവർ യോഗത്തിൽ സംബന്ധിക്കും.

✪✪✪

ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ഭേദഗതി ബിൽ ലോക്സഭ പാസാക്കി. ട്രാൻസ്ജെൻഡർ വ്യക്തികളുടെ 2019 ലെ അവകാശ സംരക്ഷണ നിയമമാണ് ഭേദഗതി ചെയ്തത്. ഭേദഗതിയനുസരിച്ച് ട്രാൻസ്ജെൻഡർ ആണെന്ന തിരിച്ചറിയൽ സർട്ടിഫിക്കറ്റിന് ജില്ലാമജിസ്ട്രേറ്റിന് അപേക്ഷ നൽകാൻ വ്യക്തികൾക്ക് കഴിയും. മെഡിക്കൽ ബോർഡ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാമജിസ്ട്രേറ്റിന് സർട്ടിഫിക്കറ്റ് നൽകാം. ഏഴു വർഷം മുമ്പ് ട്രാൻസ്ജെൻഡറുകളുടെ സംരക്ഷണത്തിനായി പാർലമെന്റിൽ ബിൽ കൊണ്ടുവന്നതും, ഇപ്പോൾ ഭേദഗതി കൊണ്ടുവന്നതും സമൂഹത്തിൽ ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്ന് ട്രാൻസ്ജെൻഡറുകളുടെ

പരിരക്ഷ ഉറപ്പാക്കുന്നതിലെ പ്രധാനമന്ത്രിയുടെ പ്രതിബദ്ധത വ്യക്തമാക്കുന്നതായി കേന്ദ്രമന്ത്രി ഡോ. വീരേന്ദ്രകുമാർ പറഞ്ഞു.

✪✪✪

ഈ വർഷത്തെ ഹജ്ജിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി വഴി തെരഞ്ഞെടുത്തവർ, നേരത്തെ അടച്ച രണ്ടു ഗഡുവിന് പുറമെ ബാക്കി തുക ഈ മാസം 31-നകം അടക്കേണ്ടതാണെ് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. കോഴിക്കോട് എമ്പാർക്കേഷൻ പോയിന്റ് വഴി പോകുന്നവർ 91,100 രൂപയും, കൊച്ചി വഴി പോകുന്നവർ 69,450 രൂപയും, കണ്ണൂരിൽ നിന്ന് പോകുന്നവർ 74,600 രൂപയുമാണ് അടയ്ക്കേണ്ടത്.

✪✪✪

ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ കല്ലാർ ഡാമിലെ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യുന്ന ജോലി ഇന്നാരംഭിക്കും. ഈ മാസം 30 വരെ നീളുന്ന പ്രവൃത്തികളുടെ ഭാഗമായി ഡാമിലെ ശേഷിക്കുന്ന വെള്ളം ഒരു ഷട്ടർ ഉയർത്തി ഒഴുക്കിവിടും. ഇതിനു മുന്നോടിയായി ഡാമിലെ സൈറൺ മുഴക്കും. ഇതിൽ പരിഭ്രാന്തരാകരുതെന്നും, ഈ മാസം 30 വരെ പുഴയിൽ ഇറങ്ങരുതെന്നും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

✪✪✪

ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസ് ഇന്ന് ഛത്തീസ്ഗഡിൽ ആരംഭിക്കും. റായ്പൂർ, ജഗ്ദൽപൂർ, അംബികാപൂർ എന്നിവിടങ്ങളിലെ വേദികളിൽ ഏപ്രിൽ മൂന്ന് വരെയാണ് മത്സരങ്ങൾ. മൂവായിരത്തിലേറെ ഗോത്രവർഗ്ഗ കായികതാരങ്ങൾ ഗെയിംസിൽ പങ്കെടുക്കും.

✪✪✪

ഒൻപതാം ക്ലാസിലെ വാർഷിക പരീക്ഷയിൽ കലാ, കായിക - ആരോഗ്യ, പ്രവൃത്തി പരിചയ പരീക്ഷയുടെ ചോദ്യപേപ്പർ വിതരണത്തിൽ കോഴിക്കോട്ടെ ഒരു സ്കൂളിൽ ആശയക്കുഴപ്പമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടു. ഇതേപ്പറ്റി അന്വേഷണം നടത്താൻ പൊതു വിദ്യാഭ്യാസ സെക്രട്ടറിയെ മന്ത്രി V ശിവൻകുട്ടി ചുമതലപ്പെടുത്തി.

✪✪✪

കണ്ണൂർ കണ്ണവം പൊലീസ് സ്റ്റേഷനിലെ സ്പെഷ്യൽ ബ്രാഞ്ച് സീനിയർ സിവിൽ പോലീസ് ഓഫീസറുടെ വീടിന് നേരെ ബോംബറിഞ്ഞ സംഭവത്തിൽ രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തു.

നിരവധി കേസുകളിലെ പ്രതികളായ രാഹുൽ കോളയാട്, ജിതിൻ കാക്കയങ്ങാട് എന്നിവരാണ് പിടിയിലായത്. ഈ മാസം 19ന് പുലർച്ചെയായിരുന്നു ആക്രമണം.

✪✪✪

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ ഈ വർഷത്തെ സ്വാതി തിരുനാൾ സംഗീതോത്സവത്തിന് തിരുവനന്തപുരം സ്വാതി തിരുനാൾ സംഗീത കോളേജിൽ തിരി തെളിഞ്ഞു. ചടങ്ങിൽ അശ്വതി തിരുനാൾ രാമ വർമ്മ, ആകാശവാണി തിരുവനന്തപുരം പ്രോഗ്രാം മേധാവി P A ബിജു, കോളേജ് പ്രിൻസിപ്പൽ പ്രൊഫസർ V.R വീണ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

✪✪✪

കേരളത്തിലെ 12 ജില്ലകളിൽ നാളെ വരെ പകൽ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി. ഇടുക്കി, വയനാട് ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

✪✪✪

ടിക്കറ്റ് റിഫണ്ട് നിയമങ്ങളിലെ മാറ്റങ്ങളെക്കുറിച്ച് ഒരു ദേശീയ ദിനപത്രം പ്രസിദ്ധീകരിച്ച വാർത്ത അടിസ്ഥാന രഹിതമാണെന്ന് ഇന്ത്യൻ റെയിൽവേ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു. റിസർവേഷൻ ചാർട്ടുകൾ ട്രെയിൻ പുറപ്പെടുന്നതിന് 9 മുതൽ 18 മണിക്കൂർ മുൻപ് വരെയാക്കി യിട്ടുണ്ട്. നേരത്തെ ഇത് നാലു മണിക്കൂർ ആയിരുന്നു. ടിക്കറ്റ് സ്ഥിരീകരണത്തിന് സമയബന്ധിതമായി വ്യക്തത നൽകുന്നതിനാണ് ഈ നടപടിയെന്ന് റെയിൽവേ അറിയിച്ചു.

✪✪✪

പെൺകുട്ടികളുടെ ചിത്രങ്ങൾ മോർഫ് ചെയ്ത് സോഷ്യൽ മീഡിയ വഴി പ്രചരിപ്പിച്ച 18 കാരൻ വയനാട്ടിൽ പിടിയിലായി. തരിയോട്, കോമത്തൊടി വീട്ടിൽ യദു കൃഷ്ണ യെയാണ് വയനാട് സൈബർ പോലീസ് അറസ്റ്റ് ചെയ്തതത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: ഫസ്ന ഫാത്തിമ*
*DEO: ഷീബ*